# പതിമൂന്നാം കേരള നിയമസഭ

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6571 - 09/07/2014 -ലെ മറുപടിക്ക്**

**കടമെടുക്കുന്നതിനുള്ള പരിധി**

| ചോദ്യം | ഉത്തരം |
|---|---|
| **ഡോ. ടി.എം. തോമസ് ഐസക്<br>പ്രൊഫ.സി. രവീന്ദ്രനാഥ്<br>ശ്രീ. ജി. സുധാകരൻ<br>ശ്രീ. എ. പ്രദീപ്കുമാർ** | **ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| (എ) കടമെടുക്കുന്നതിനുള്ള പരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ; | 2014-15 സാമ്പത്തിക വർഷത്തെക്കുള്ള കടമെടുപ്പ് പരിധിയായി കേന്ദ്രസർക്കാർ അംഗീകരിച്ചുതന്നിട്ടുള്ളത് 13,548 കോടി രൂപയാണ്. |
| (ബി) ഈ സർക്കാർ എത്ര കോടി രൂപ കടമെടുത്തു എന്നും അവ ഏതെല്ലാം ആവശ്യങ്ങൾക്കായി വിനിയോഗിച്ചുവെന്നും വ്യക്തമാക്കാമോ; | 31/03/2014 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 38922.46 കോടിരൂപ കടമെടുത്തിട്ടുണ്ട്. കടം എടുക്കുന്ന തുക പ്രധാനമായും പദ്ധതി - പദ്ധതിയേതര പ്രവർത്തനങ്ങളിലെ വികസന ചെലവുകൾക്കായാണ് ഉപയോഗിക്കുന്നത്. |
| (സി) ഏതെല്ലാം ആവശ്യങ്ങൾക്കാണ് സംസ്ഥാനത്ത് കടം എടുക്കാവുന്നതെന്നും അതേ ആവശ്യങ്ങൾക്ക് തന്നെയാണോ കടം എടുത്തിട്ടുള്ളതെന്നും വ്യക്തമാക്കാമോ; | |
| (ഡി) തന്നാണ്ടിൽ ദേശീയ ഗ്രാമീണാരോഗ്യമിഷൻ, സർവ്വശിക്ഷാ അഭിയാൻ, രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ, സംസ്ഥാനത്ത് സ്കൂളുകളിൽ നൽകിവരുന്ന ഉച്ചഭക്ഷണ പദ്ധതി തുടങ്ങിയവയ്ക്കുള്ള കേന്ദ്ര വിഹിതം ലഭ്യമായിട്ടുണ്ടോ; ഇതിന്റെ ലക്ഷ്യവും നേട്ടവും വിശദമാക്കാമോ; | ദേശീയ ഗ്രാമീണാരോഗ്യമിഷന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ മാതൃമരണനിരക്ക് കുറയ്ക്കുക, ശിശുമരണനിരക്ക് കുറയ്ക്കുക,100% പ്രസവങ്ങളും ആശുപത്രിയിൽവച്ച് നടത്തുക, ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സംവിധാനം മെച്ചപ്പെടുത്തുക, ആശുപത്രി സേവന നിലവാരം ഉയർത്തുക, രോഗ പ്രതിരോധ പ്രവർത്തനം ശക്തിപ്പെടു |

ത്തുക, ആരോഗ്യ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുക എന്നിവയാണ്. തന്നാണ്ടിൽ കേന്ദ്ര വിഹിതത്തിന്റെ ആദ്യ ഗഡുവായി 69.16 കോടി രൂപ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ട്.

തന്നാണ്ടിൽ സർവ്വശിക്ഷാ അഭിയാൻ പദ്ധതി നടത്തിപ്പിനായി കേന്ദ്രസർക്കാർ അംഗീകരിച്ച ബഡ്ജറ്റിൻ പ്രകാരം സംസ്ഥാന സർക്കാർ വഴി 103 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

ഉന്നതവിദ്യാഭ്യാസ മേഖലയിലെ ഗുണനിലവാരവും മത്സരക്ഷമതയും വർദ്ധിപ്പിക്കുന്നതിന് കേന്ദ്രസർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ. 2013-14 വർഷം കേന്ദ്രവിഹിതമായി 2.60 കോടി രൂപ അനുവദിച്ചു.

വർണ്ണം, ലിംഗം, ഉച്ചനീചത്വം എന്നീ വ്യത്യാസങ്ങൾ ഇല്ലാതെ ആരോഗ്യ പൂർണ്ണമായ ഒരു ഭാവി തലമുറയെ വാർത്തെടുക്കുക എന്ന ഉദ്ദേശ ലക്ഷ്യത്തോടു കൂടി നടപ്പിലാക്കി വരുന്ന ഒരു പദ്ധതിയാണ് സ്കൂൾ ഉച്ചഭക്ഷണ പരിപാടി. കുട്ടികളുടെ പഠനത്തോടൊപ്പം ആരോഗ്യം മെച്ചപ്പെടുത്തുക, വിദ്യാഭ്യാസം സാർവത്രികമാക്കുക, പഠനത്തിൽ നിന്നും കൊഴിഞ്ഞു പോക്ക് ഒഴിവാക്കുക എന്നിവയാണ് ഉച്ചഭക്ഷണ പദ്ധതിയുടെ ലക്ഷ്യവും നേട്ടവും. സംസ്ഥാനത്തെ സ്കൂളുകളിൽ ഉച്ചഭക്ഷണ പരിപാടിക്ക് അനുവദിച്ചിട്ടുള്ള കേന്ദ്ര വിഹിതത്തിന്റെ ആദ്യ ഗഡുവായി 5543.11 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

| | |
|---|---|
| (ഇ) ഈ പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതം നലകുന്നതിനുള്ള ഫണ്ട് ലഭ്യമാണോ; ഈ പദ്ധതികൾ സുഗമമായി നടപ്പിലാക്കുന്നതിന് സാമ്പത്തിക തടസ്സമുണ്ടാകില്ല എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ ? | ഈ പദ്ധതികളുടെ സുഗമമായ നടത്തിപ്പിനാവശ്യമായ സംസ്ഥാന വിഹിതം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കേന്ദ്രവിഹിതയിനത്തിൽ ആവശ്യമായ അധിക ബഡ്ജറ്റ് വിഹിതം ഉപധനാഭ്യർത്ഥനകളിലൂടെ ലഭ്യമാക്കുന്നതിനു വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**